4. 1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ ചില വ്യവസ്ഥകൾ സഹകരണസംഘങ്ങളിലെ കമ്മിറ്റികളിലേക്കുള്ള സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പ് തടസ്സപ്പെടുത്തുന്നു. അതിനാൽ ഒരാൾ തുടർച്ചയായ രണ്ടുവർഷം സംഘത്തിന്റെ സേവനം ഉപയോഗിക്കുന്നതിൽ വീഴ്ച വരുത്തുകയോ സംഘത്തിലെ മൂന്നു വാർഷിക ജനറൽബോഡി യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ അയാളുടെ അംഗത്വം റദ്ദാക്കുന്നതിനുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. ആയതിനാൽ 1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ 16എ, 19എ എന്നീ വകുപ്പുകൾ ഒഴിവാക്കേണ്ടതാണ്.

5. സഹകരണ ഭരണ നിർവ്വഹണത്തിൽ സുതാര്യത പുലർത്തുന്നതിനും വർദ്ധിച്ചു വരുന്ന നിക്ഷിപ്ത താൽപ്പര്യങ്ങൾ ഒഴിവാക്കുന്നതിനും വേണ്ടി പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും ഉദ്യോഗ കാലയളവ് കൂടി നിശ്ചയിക്കേണ്ടതുണ്ട്. ആയതിനാൽ, 28-ാം വകുപ്പും 28 എബി വകുപ്പും ഭേദഗതി ചെയ്യേണ്ടതാണ്.

6. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ്, 2017 ഏപ്രിൽ 10-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 ഏപ്രിൽ 10-ാം തീയതിയിലെ 703-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2017-ലെ 4-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 56-ാം നമ്പർ ബിൽ ആയി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2017 ഏപ്രിൽ 25-ാം തീയതി ആരംഭിച്ച് മേയ് 25-ാം തീയതി അവസാനിച്ച നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ്, 2017 ജൂൺ 1-ാം തീയതി ഗവർണർ വിളംബരപ്പെടുത്തുകയും അത് 2017-ലെ 8-ാം നമ്പർ ഓർഡിനൻസായി 2017 ജൂൺ 1-ാം തീയതിയിലെ 1133-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

8. 2017 ജൂൺ 8-ാം തീയതി ആരംഭിച്ച് അന്നേദിവസം അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് 2017-ലെ 8-ാം നമ്പർ ഓർഡിനൻസിനു പകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് 2017 ജൂലൈ 18-ാം തീയതി ഗവർണർ വിളംബരപ്പെടുത്തുകയും അത് 2017-ലെ 17-ാം നമ്പർ ഓർഡിനൻസായി 2017 ജൂലൈ 18-ാം തീയതിയിലെ 1487-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

9. 2017-ലെ 17-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

